**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1896** | **08-10-2021 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ അടക്കമുള്ള ഉല്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനും പദ്ധതികൾ നിലവിലുണ്ടോ; പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി നിർമ്മിച്ച് മാർക്കറ്റിംഗ് ഉൾപ്പെടെയുള്ളവ ഏകീകരിക്കാൻ നടപടികൾ ഉണ്ടാകുമോ? | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്,കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ക്ഷീരസഹകരണ സംഘങ്ങളിൽ പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി നിർമ്മിച്ച് പ്രാദേശികമായി വിപണനം ചെയ്തുവരുന്നു. നിലവിൽ ഇവയുടെ മാർക്കറ്റിംഗ് ഏകീകരണത്തിനുള്ള നടപടികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ